**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5461** **13-08-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഒ.എൽ.എച്ച് കോളനിയും (പള്ളിപ്പുറം പഞ്ചായത്ത്) ഐ.എച്ച്ഡി.പി കോളനിയും (നായരമ്പലം പഞ്ചായത്ത്) പുനരുദ്ധീകരിച്ചിട്ടുണ്ട്. ഒ.എൽ.എച്ച് കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. ഐ.എച്ച്.ഡി.പി. കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഒ.എൽ.എച്ച് കോളനിയും (പള്ളിപ്പുറം പഞ്ചായത്ത്) ഐ.എച്ച്ഡി.പി കോളനിയും (നായരമ്പലം പഞ്ചായത്ത്) പുനരുദ്ധീകരിച്ചിട്ടുണ്ട്. ഒ.എൽ.എച്ച് കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. ഐ.എച്ച്.ഡി.പി. കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016-2021 കാലഘട്ടത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി കോളനികളെ തെരഞ്ഞെടുത്തിരുന്നു എങ്കിലും കരാറുകാർ പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതു മൂലം റദ്ദ് ചെയ്യുകയുണ്ടായി |

സെക്ഷൻ ഓഫീസർ